(ഇ) എറണാകുളം ജില്ലാ സഹകരണ മൽസ്യവികസന സംഘം പ്രസിഡൻറാണ് നാടകാവതരണത്തിൻെറ ചുമതല വഹിക്കുന്നത്. ഇത് പരിശോധിക്കുവാൻ ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടില്ല.

കണ്ണമാലി ഫിഷിംഗ് ഗ്യാപ്പിൻെറ മുൻവശത്തുള്ള വീട്ടുകാർ

1563. [2331] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണമാലി ഫിഷിംഗ് ഗ്യാപ്പിൻെറ തൊട്ടുമുൻവശത്ത് സ്ഥിതി ചെയ്യുന്ന രണ്ടു വീടുകൾ വർഷംതോറും കടലാക്രമണത്തിന് വിധേയ മാകുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രണ്ട് വീട്ടുകാരേയും മാറ്റി താമസിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(സി) അവരുടെ ഭൂമിക്ക് പകരം വേറെ ഭൂമി നൽകാനും അവരുടെ പുരയുടെ വില നൽകാനും തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത തീരുമാനം ഇതുവരെ നടപ്പിലാക്കാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) വർഷംതോറും ദുരിതമനുഭവിക്കുന്ന പ്രസ്തുത രണ്ട് കുടുംബങ്ങളെയും മാറ്റി താമസിപ്പിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അവരെ മാറ്റി താമസിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്. പകരം പുതുതായി പുരവച്ചു കൊടുക്കാനും നടപടി എടുത്തിട്ടുണ്ട്.

(ഡി) പകരം പുരവയ്ക്കാൻ തീരുമാനിച്ച സ്ഥലം അവർക്ക് സ്വീകാര്യമല്ല എന്നതായിരുന്നു കാരണം.

(ഇ) 'ബി' പാർട്ടിൻെറ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കോഴിക്കോട്-മാലിയം മൽസ്യത്തൊഴിലാളി ഗ്രാമസംഘം

1564. [2332] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫീഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-മാലിയം മൽസ്യത്തൊഴിലാളി ഗ്രാമസംഘത്തിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികളായി പേര് രജിസ്റ്റർ ചെയ്ത അംഗങ്ങളിൽ പലരുടേയും പേരുകൾ നീക്കം ചെയ്യുകയും പുതുതായി തയ്യാറാക്കിയ ലിസ്റ്റിൽ അർഹരായ ധാരാളം പേരെ ചേർക്കാതിരിക്കുകയും ചെയ്ത നടപടി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) തലമുറകളായി മൽസ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച യഥാർത്ഥ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ എല്ലാവരെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കു ന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly